# മനുഷ്യകുലത്തിന് ഒരു പുനർജന്മം

വാസുദേവ് പുളിക്കൽ

ആഹ്ലാദത്തിന്റെ കിരണങ്ങൾ ചൊരിഞ്ഞു കൊണ്ടാണ് ക്രിസ്തുമസ് സമാഗതമാകുന്നത്. തിന്മയെ തിന്മകൊണ്ട് എതിർക്കാതെ നന്മകൊണ്ട് കീഴടക്കണമെന്ന മാനവികതയുടെ ഉദാത്തമായ പാഠം ഉപദേശിച്ച, സ്വർഗ്ഗരാജ്യം നിന്റെ ഹൃദയത്തിലാണെന്ന് വ്യഥിതയായ ഒരു ശമരിയാക്കാരിക്ക് പറഞ്ഞു കൊടുത്ത് അവളിൽ സന്തോഷത്തിന്റെ സ്ഫുരണങ്ങളുണർത്തി സാന്ത്വനം നൽകിയ യേശുദേവന്റെ ജന്മദിനം. അടുത്ത സമയത്ത് ഞാൻ വായിച്ച ഒരു ലേഖനത്തിൽ കണ്ടു ഡിസംബർ 25 യേശുദേവന്റെ ജന്മദിനമല്ല, ഏതോ വിഗ്രഹാരാധനക്കാരുടെ ഒരു ദൈവവുമായി (ജമഴമി ഈറ) ബന്ധപ്പെട്ടതാണെന്ന്. അത് സത്യമോ അസത്യമോ ആയാലും അതേ പറ്റി ഒരു പോരാട്ടത്തിന്റെ ആവശ്യമില്ല. ഡിസംബർ 25 യേശുദേവന്റെ ജന്മദിനമാണെന്ന് നൂറ്റാണ്ടുകളായി വിശ്വാസികൾ കരുതിപ്പോരുന്നു. അതേ പറ്റി എന്തെല്ലാം പുതിയ തിയറികളും വിശ്വാസങ്ങളും ഉടലെടുത്താലും ആ വിശ്വാസം ആരേയും അടിച്ചേൽപ്പിക്കാൻ ശ്രമിക്കേണ്ട ആവശ്യമില്ല. ഓരോരുത്തരും അവരവരുടെ വിശ്വാസത്തിൽ ഉറച്ചു തന്നെ നിൽക്കട്ടെ.

ആരാണ് ക്രിസ്തുമസ് ആഘോഷിക്കുന്നത്? ക്രിസ്തുമതസ്ഥരായ ക്രിസ്ത്യാനികൾ മാത്രമല്ല, യേശുദേവന്റെ മഹത്വം മനസ്സിലാക്കിയിട്ടുള്ള അക്രൈസ്തവരും ക്രിസ്തുമസ് ആഘോഷത്തിന്റെ സുഖം അനുഭവിക്കുന്നവരാണ്. ക്രിസ്തുമസ് കാലത്ത് നക്ഷത്രവിളിക്കിന്റെ മങ്ങിയ വെളിച്ചത്തിൽ കരോൾ പട്ടു സംഘത്തിൽ ചേർന്ന് ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തിട്ടുള്ളത് എന്റെ ഓർമ്മയിലുണ്ട്. യേശുദേവന്റെ ഉൽകൃഷ്ടമായ വിചാരധാര ക്രിസ്ത്യാനികളെ മാത്രമല്ല ആകർഷിച്ചിട്ടുള്ളത്. ആ വിചാരധാരയിൽ ഉള്ളടങ്ങിയിരിക്കുന്ന കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സത്യസൗന്ദര്യം ഏതൊരാളേയും ആകർഷിക്കും. അത് മനസ്സിലാക്കുന്ന അമേരിക്കൻ മലയാളികൾ വിഷു, ഈസ്റ്റർ, ഓണം, ക്രിസ്തുമസ് മുതലായവ ഒത്തു ചേർന്ന് ആഘോഷിക്കുമ്പോൾ മുഴങ്ങി കേൾക്കുന്നത് ഓരോരുത്തരുടേയും ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്ന മതസമന്വയത്തിന്റെ ശാന്തി മന്ത്രമാണ്. ഇവിടെ ധാരാളം സാമൂഹ്യ സംഘടനകളും മതസംഘടനകളൂം ഓരോരൊ താൽപര്യമനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയെല്ലാം ഇത്തരം ആഘോഷങ്ങളിൽ ആത്മാർത്ഥതയോടെ പങ്കുചേരുന്നു. ഈ ആഘോഷങ്ങളിലെല്ലാം നമ്മൾ പരസ്പരം പ്രകടിപ്പിക്കുന്ന സന്തോഷവും സൗഹൃദവും നമ്മുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഉയർന്നു വരുന്ന സ്നേഹത്തിന്റെ വിശാലതയിൽ നിന്നാണ്. പള്ളികളിലും ക്ഷേത്രങ്ങളിലും പ്രത്യേകം പ്രാർത്ഥനകളും പൂജകളും നടക്കുന്നുണ്ടെങ്കിലും പൊതു ആഘോഷങ്ങളിൽ എല്ലാവരും സാഹോദര്യഭാവത്തോടും സ്നേഹത്തോടും ഒത്തു ചേരുന്നത് അമേരിക്കൻ മലയാളികൾക്ക് അഭിമാനിക്കത്തക്ക കാര്യമാണ്. ഒരു പക്ഷെ നമ്മുടെ നാട്ടിൽ ഇത്തരമൊരു സാഹചര്യം കാണാൻ സാധിച്ചെന്ന് വരില്ല. ദൈവസ്നേഹത്തിന്റെ ശുദ്ധമായ വെളിച്ചത്തെ പരിരക്ഷിക്കാൻ ശ്രമിക്കുന്നവരാണ് അമേരിക്കൻ മലയാളികളിൽ ഭൂരിപക്ഷവും. ക്രിസ്തീയതയുടെ അത്യൂദാത്തമായ മാതൃക കാണിച്ച കേരളീയ ക്രിസ്ത്യാനികളുടെ ഇവിടെയെത്തിയിട്ടുള്ള തലമുറയോട് യോജിച്ച് പോകാൻ 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന മന്ത്രം ഉച്ചരിക്കുന്നവർക്ക് ബുദ്ധിമുട്ടില്ല. അമേരിക്കൻ മലയാളി ക്രിസ്ത്യാനികളല്ല, അമേരിക്കൻ മലയാളികളാണ് ക്രിസ്തുമസ് ആഘോഷിക്കുന്നത് എന്ന് അഭിമാനത്തോടെ പറയാൻ തക്ക ഹൃദയവിശാലത അമേരിക്കൻ മലയാളികൾക്കുണ്ട്. അവർ ക്രിസ്തുമസ് ആഘോഷം വിശ്വജനീനതയുടെ പ്രതീകമാക്കിത്തീർക്കുകയാണ്. മതത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ചവരെ ചരിത്രത്തിന്റെ താളുകൾ കാണിച്ചു തരുന്നു. എന്നാൽ അവരുടെ മരണം കൊണ്ട് മതത്തിന്റെ പേരിൽ നടക്കുന്ന കൂട്ടക്കൊലക്ക് വിരാമമുണ്ടായില്ല. ലോക രക്ഷകനായ യേശുദേവന്റെ ജന്മദിനം ആഘോഷിക്കുന്ന ഈ വിശുദ്ധിയുടെ മാസത്തിൽ മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന ഗുരുവചനം സ്മരണീയമാണ്. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് ഉൽഘോഷിച്ച ഗുരുവിന്റെ നാട്ടിൽ നിന്ന് വന്നവർക്ക് ആ വചനത്തിൽ മതത്തിനല്ല മനുഷ്യന്റെ സൽപ്രവർത്തികൾക്കാണ് പ്രാധാന്യം എന്ന് മനസ്സിലാക്കാൻ വിഷമമില്ല. അതുകൊണ്ട് മതമൗലികതക്കല്ല മതസമന്വയത്തിനാണ് അവർ പ്രാധാന്യം കൽപിക്കുന്നത്.

എന്നാൽ ഏതൊരു സമൂഹത്തിലും ശാന്തിയും സമാധാനവും നഷ്ടപ്പെടുത്തുന്ന ചുരുക്കം ചില പ്രശ്നക്കാരുണ്ടാകും. അവർ മതത്തിന്റെ ഇടുക്കുവഴിയിൽ കിടന്നുഴലുന്ന മതഭ്രാന്തന്മാരായിരിക്കാം, ഭതികനേട്ടങ്ങളിൽ അഹങ്കരിച്ച് ദൈവത്തെ തള്ളിപ്പറയുന്ന ഈഗോയിസ്റ്റുകളായിരിക്കാം, മദ്യത്തിന് അടിമയാകുന്നവരായിരിക്കാം, ഏതു നന്മയേയും തിന്മകൊണ്ട് പ്രതികരിച്ച് മറ്റുള്ളവർക്കു വേണ്ടി സ്വന്തം

വ്യക്തിത്വം നഷ്ടപ്പെടുത്തുന്ന വിധേയത്വമുള്ളവരായിരിക്കാം. വിധേയത്വം ഒരു തരം അടിമത്തമായി മാറുമ്പോൾ നന്മയിൽ നിന്ന് തിന്മയിലേക്ക് നിപതിക്കുകയും തന്മൂലം സമൂഹത്തിൽ അസ്വസ്ഥത ഉണ്ടാവുകയും സ്വന്തം വ്യക്തിപ്രഭാവത്തിന് മങ്ങലേൽക്കുകയും ചെയ്യും. മതഭ്രാന്തിൻെറ അന്ധതയിൽ ജീവിതങ്ങൾ പച്ചക്ക് ചുട്ടെരിക്കുന്ന ക്രൂരതയും അതിനെ ന്യായീകരിക്കുന്നതും ഭാരതീയ സംസ്കാരത്തിന് ചേർന്നതല്ല. മുപ്പതു വെള്ളിക്കാശിന് യേശുദേവനെ ഒറ്റിക്കൊടുത്ത യൂദാസിൻെറ കൂട്ടത്തിൽ ഉൾപ്പെടുന്ന ഇവരൊക്കെ സമൂഹത്തിലേക്ക് വലിച്ചെറിയുന്ന തീക്കുണ്ഡങ്ങൾ ഉന്നം വയ്ക്കുന്ന വ്യക്തികളെ മാത്രമല്ല, മൊത്തം സമൂഹത്തിന് തന്നെ പൊള്ളലേൽപിക്കുന്നു. അവനവനാത്മ സുഖത്തിനാചരിക്കുന്നത് അപരന് സുഖത്തിനായ് വന്നില്ലെങ്കിലും ഉപദ്രവത്തിനായ്ത്തിരരുത് എന്ന് ഇക്കൂട്ടർ ഓർത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ് യേശുദേവൻെറ വചനങ്ങൾ കൂടുതൽ പ്രസക്തമാകുന്നത്. 'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു ദുഷ്ടനോട് ചെറുത്ത് നിൽക്കരുത്. നിൻെറ വലത്തെ ചെകിട്ടത്തടിക്കുന്നവന് മറ്റേ ചെകിടു കൂടി കാണിച്ചു കൊടുക്കുക. നിന്നോട് വ്യവഹരിച്ച് നിൻെറ അങ്കി നേടാൻ ശ്രമിക്കുന്നവന് നിൻെറ മേലങ്കി കൂടി നൽകുക'. ഇതെങ്ങനെ സാധ്യമാകുമെന്ന് വികാരത്തിനടിമയാകുന്ന സാധാരണക്കാർ ചിന്തിക്കുന്നുണ്ടാകും. ആ അടിമത്തിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമായി 'നീ സത്യത്തെ അറിയുക, ആ സത്യം നിന്നെ സ്വതന്ത്രനാക്കും' എന്ന യോഹാന്നാൻെറ സുവിശേഷത്തിലെ വാക്യത്തെ കണക്കാക്കാം. ഇവിടെ സ്വതന്ത്രനാവുക എന്നു പറഞ്ഞാൽ ജീവിതത്തിൻെറ എല്ലാ കെട്ടുപാടുകളിൽ നിന്നും മോചിതനാവുക എന്ന് അർത്ഥം പറയാം. സത്യമെന്നാൽ ഈശ്വരനാണ്, ആനന്ദസ്വരൂപമാണ്. നീ നിന്നെത്തന്നെ അറിയുകയും ആത്മാനന്ദത്തിൽ സദാ ലയിക്കുകയും ചെയ്യുമ്പോൾ ആനന്ദസ്വരൂപമായ ഈശ്വരദർശനമുണ്ടാകും. ഇത് ശാസ്ത്രസിദ്ധാന്തങ്ങൾ പരീക്ഷണശാലകളിൽ തെളിയിക്കുന്നതു പോലെ തെളിയിക്കാവുന്ന ഒരു സംഗതിയല്ല. സ്വയം അനുഭവിച്ച് അറിയേണ്ട ഒരു അനുഭൂതിയാണ്. ആ അനുഭൂതിയിൽ, ജീവിതവഴിയിൽ ഇടറിപ്പോയ ഒരു ശമരിയാക്കാരിയെ കണ്ടുമുട്ടിയപ്പോൾ അവളോട് യേശുദേവൻ വാത്സല്യത്തോടെ സ്വർഗ്ഗരാജ്യം നിൻെറ ഹൃദയത്തിലാണ് എന്ന് പറഞ്ഞതിൻെറ പൊരുൾ അറിയാൻ സാധിക്കും. അപ്പോഴാണ് നന്മയെ പോലും തിന്മകൊണ്ട് പ്രതികരിക്കുന്ന മനുഷ്യ സ്വഭാവത്തിന് മാറ്റം വരുകയും, ക്രിസ്തീയ ജീവിതത്തിൻെറ ഹൃദയസ്ഥാനത്തിരിക്കുന്ന സ്നേഹവും അഹിംസയും നല്ല ശമരിയാക്കാരൻെറ കഥയും മറ്റുള്ളവർക്ക് അനുകരണീയമാകുകയും ചെയ്യുന്നത്.

മതങ്ങൾ അല്ല നമ്മേ നിയന്ത്രിക്കേണ്ടത്, നമ്മുടെ സ്വതന്ത്രമായ ചിന്തയാണ്. ചിന്തയുടെ ഔന്നത്യമാണ് നമ്മെ ഉയരങ്ങളിലെത്തിക്കുന്നത്. മതങ്ങളുടെ അധീനതയിൽ പെട്ടു പോകുന്നത് കഷ്ടാൽ കഷ്ടമാണ്. പ്രവാചകന്മാരും ദൈവപുത്രനും നമ്മിലേക്ക് ചൊരിഞ്ഞത് അറിവിൻെറ കിരണങ്ങളാണ്. അത് ഏറ്റുവാങ്ങി ദൈവികതയുടെ ശീതളതച്ഛായയിൽ ആനന്ദം കണ്ടെത്തുകയാണ് വേണ്ടത്. യേശുദേവൻ ഏക ദൈവത്തെ പറ്റി മാത്രമെ പറഞ്ഞിട്ടുള്ളു. ക്രിസ്തുമതത്തിൽ അസംഖ്യം വിഭാഗങ്ങളുണ്ടെങ്കിലും അവരെല്ലാം ഏകദൈവിത്തിൽ തന്നെ വിശ്വസിക്കുന്നവരാണ്. ഹിന്ദുമതത്തിലെ വിഭിന്ന വിഭാഗങ്ങൾ അവരവരുടെ ഇഷ്ടദേവതകളെ ആരാധിക്കുന്നുണ്ടെങ്കിലും എല്ലാം ഒരേ ബിന്ദുവിയലേക്ക് (ബ്രഹ്മൻ) വന്നു ചേരുന്നു. മതത്തിൻെറ പേരിൽ ലോകശാന്തി നശിപ്പിക്കുന്ന അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നത് മനുഷ്യൻെറ ചിന്ത വികലമാകുന്നതുകൊണ്ടാണ്. എല്ലാമതങ്ങളും ലക്ഷ്യമാക്കേണ്ടത് ജനക്ഷേമമാണെന്ന് വിശ്വാസികൾ അംഗീകരിക്കുമ്പോഴാണ് ലോകത്ത് സമാധാനം സംസ്ഥാപിതമാകുന്നത്. അപ്പോൾ സിറിയ, ഇറാക്ക്, അഫ്ഗാനിസ്ഥാൻ, കാഷ്മീർ എന്നിവിടങ്ങളിൽ നടന്ന ദുരന്തങ്ങൾ ആവർത്തിക്കപ്പെടുകയില്ല. അമേരിക്കൻ മലയാളികളുടെ ചിന്താഗതിയുടെ സവിശേഷത മൂലമാണ് അവർക്ക് ഏകോദരസഹോദരങ്ങളെപ്പോലെ പെരുമാറാൻ സാധിക്കുന്നതും ഹിന്ദു-ക്രൈസ്തവ വിശേഷ ദിവസങ്ങൾ രണ്ടായി കാണാതെ സൗഹൃദത്തോടെ ആഘോഷിക്കാൻ സാധിക്കുന്നതും.

ക്രിസ്തുമസ് ആഘോഷത്തിൽ നമ്മൾ സ്നേഹാദരങ്ങളോടെ സ്മരിക്കുന്നത് സമഭാവനയുടെ മൂർത്തീഭാവമായ യേശുദേവനെയാണ്. സ്നേഹത്തിൻെറ സന്ദേശ വാഹകനായ യേശുദേവന് തന്നെ തള്ളിപ്പറഞ്ഞ യൂദാസിനെയും സ്നേഹിക്കാൻ കഴിഞ്ഞു. തൻെറ തലയിൽ മുൾക്കിരീടം അണിയിച്ച് അപഹസിച്ചവരേയും ആത്മസംയമനത്തിൻെറ പ്രതീകമായ യേശുദേവൻ വെറുത്തില്ല. സമാധാനത്തിൻെറയും പ്രത്യാശയുടെയും ദീപശിഖയുമായി ലോകരക്ഷകനായി അവതരിച്ച യേശുദേവൻ മനുഷ്യകുലത്തിന് നൽകിയത് ഒരു പുനർജന്മാണ്. അത് ഹർഷാരവത്തോടെ നമുക്ക് ഏറ്റു വാങ്ങാം.